

# വികാരിയിൽ നിന്ന് ...

27-07-2018

## ദൈവനാമം മഹത്വപ്പെടട്ടെ

ആഗസ്റ്റ് മാസം 15 നോമ്പ് (ആഗസ്റ്റ് 1-15 വരെ) ആചരണത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ശരീരത്തിനും മനസ്സിനും ആത്മാവിനും നവ ഉന്മേഷം വീണ്ടെടുക്കുവാൻ, ആത്മീയ ചൈതന്യവും പുതിയ-ഊർജ്ജവും ലഭിക്കാൻ നോമ്പു നോക്കുന്നത് സഹായകരമാണ്. ഈ നോമ്പ് "ശുനോയോ നോമ്പ് "എന്ന പേരിലും സഭയിൽ അറിയപ്പെടുന്നു. ഈ നോമ്പിൽ പൗരസ്ത്യ സഭ കന്യകമറിയത്തിന്റെ സ്മരണ നിലനിർത്തുന്ന വാങ്ങിപ്പോക്ക് സംഭവമാണ് പ്രധാനമായും ധ്യാനിക്കുന്നത്. എന്നാൽ നമ്മുടെ സഭ യേശുക്രിസ്തുവിന്റെ തേജസ്ക്കരണം സഭയുടെ വിളി, പ്രേഷിതവൃത്തി എന്നിവ കൂടെ ചിന്തിക്കുന്നു. സഭ ആദ്യ ആഴ്ച "ദൗത്യം ദൈവിക നൊമ്പരത്തിൽ പങ്കുചേരൽ" എന്ന വിഷയം ആണ് ചിന്തിക്കുന്നത്. മാർത്തോമ്മാ സഭ സുവിശേഷ വിഹിത സഭയാണ്. സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുക എന്ന വലിയ ദൗത്യം ആണ് കർത്താവ് സഭയെ ഏൽപ്പിച്ചിരിക്കുന്നത്. കർത്താവിന്റെ ദൗത്യത്തിൽ പങ്കുചേരുക എന്നതാണ് നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത്. ആഗസ്റ്റ് 6-ാം തീയതി "മറു രൂപപ്പെരുന്നാൾ" കർത്താവിന്റെ തേജസ്ക്കരണം ഓർക്കുന്ന ദിവസം ആണ്. പിതാവായ ദൈവം കുരിശിലെ സഹനമരണത്തിനായി യേശുക്രിസ്തുവിനെ ബലപ്പെടുത്തുന്ന അത്യപൂർവ്വ നിമിഷങ്ങളാണ് ഇത്. 2-ാം ആഴ്ച "സൃഷ്ടിയിലെ നന്മ കണ്ടെത്തുക" എന്ന വിഷയം പഠിക്കാൻ നല്കിയിരിക്കുന്നു. ദൈവം സൃഷ്ടിച്ച ഈ ലോകം നല്ലതാണ്. എന്നാൽ മനുഷ്യന്റെ സ്വാർത്ഥതയും അഹന്തയും അതിനെ വികലമാക്കുന്നു. സൃഷ്ടിയുടെ മഹത്വം ദർശിക്കുകയും സൃഷ്ടിയെ പരിരക്ഷിക്കുകയും ചെയ്യുവാൻ നാം ഏവരും ബാദ്ധ്യസ്ഥരാണ്.


ആഗസ്റ്റ് 15 നോമ്പു വിടലും 72-ാമതു സ്വാതന്ത്ര്യദിനവും ആണ് വിശ്വാസികൾ ക്രിസ്തുവിലൂടെ സ്വാതന്ത്ര്യം നേടിയവരാണ്. എന്നാൽ രാജ്യത്തിന്റെ സ്വാതന്ത്ര്യവും, ഭരണഘടനയും, വളർച്ചയും പ്രാധാനമായ കാര്യങ്ങളാണ്. മതേതരത്വവും, സമാധാനവും, നീതിയും, മതസൗഹാർദ്ദവും ജനങ്ങളുടെ ക്ഷേമവും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ട ചുമതല പ്രഥമവും പ്രധാനവുമായ ഭരണാധികാരിക്കുള്ളതാണ്. എന്നാൽ നമ്മുടെ നാട്ടിൽ മതേതര മൂല്യങ്ങൾ തുടരെ തുടരെ ധ്വംസിക്കപ്പെടുന്നത് രാജ്യത്തെ ജനങ്ങളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാൻ കാരണമായിതീരും. 3-ാം ആഴ്ച സഭ ധ്യാനവിഷയം ആക്കിയിരിക്കുന്നത്. "നവീകരണം"എന്ന വിഷയം ആണ്. ഒരിയ്ക്കൽ ആരംഭിച്ച് എന്നും അഭംഗുരം തുടരേണ്ട ഒരു പ്രക്രിയയാണ് നവീകരണം. കാലഘട്ടത്തിന്റെ വെല്ലുവിളി ഏറ്റെടുത്ത് കാലാനുസൃതമായി പരിശുദ്ധാത്മാവിന് വിധേയപ്പെട്ടു സഭയെ നിരന്തരം നവീകരണത്തിന് വിധേയമാക്കണം. കാലാകാലങ്ങളിൽ സഭയിൽ കടന്നുകൂടിയിട്ടുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും, തിന്മകളും ദൈവവചനത്തിന്റെ വെളിച്ചത്തിൽ അഗ്നിശുദ്ധി ചെയ്ത് വിശുദ്ധീകരിക്കേണ്ടതായിട്ടുണ്ട്. ആദ്യ നൂറ്റാണ്ടിലെ ക്രിസ്തീയ സഭയുടെ മാതൃക എക്കാലത്തും നമ്മെ പ്രചോദിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്.

4-ാം ആഴ്ച സഭ “മാമോദിസാ” എന്ന വിഷയം ആണ് ധ്യാനിക്കുന്നത്. ക്രിസ്തുവിന്റെ മരണത്തോടും പുനരുദ്ധാരണത്തോടും ഉള്ള വിശ്വാസിയുടെ ഐക്യദാർഢ്യമാണ് സ്നാപനം. ഇത് ഒരിയ്ക്കൽ മാത്രമേ പാടുള്ളു എന്ന് വിശു:വേദപുസ്തകവും, നിഖ്യാവിശ്വാസ പ്രമാണവും പഠിപ്പിക്കുന്നു. കർത്താവിന്റെ ശരീരമായ സഭയോട് ചേരുവാൻ സഭ നിർവ്വഹിക്കുന്ന ഒരു കൂദശയാണ് സ്നാപനം. ഇവിടെ ഏൽക്കുന്ന ആളിന്റെ പ്രായം, പ്രവൃത്തി വിശ്വാസം ഇതൊന്നും അല്ല പ്രസക്തമായിട്ടുള്ളത് മറിച്ച് യേശുക്രിസ്തുവിന്റെ ക്രൂശിൽക്കൂടി ലഭിക്കുന്ന അനന്തമായ കൃപയ്ക്കാണ് മുഖ്യസ്ഥാനം. ആയതിനാൽ പുനർസ്നാനം, വേദവിപരിതവും സഭയുടെ വിശ്വാസ ആചാരങ്ങൾക്ക് വിരുദ്ധവും ആണ്. കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു അതിനും നിങ്ങൾ കാരണം അല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു എന്ന പൗലോസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. നമ്മുടെ ഇടവകാംഗങ്ങൾ പലരും ഈ വേനലവധിക്ക് നാട്ടിൽ പോയി കഴിഞ്ഞു. ചിലർ ഇനിയും പോകുവാൻ തയ്യാറെടുക്കുന്നു. ഏവർക്കും നാട്ടിലേയ്ക്കുള്ള യാത്രയും താമസവും പ്രിയപ്പെട്ടവരുമായുള്ള കൂടികാഴ്ചയും കൂട്ടായ്മയും ബന്ധത്തെ പുതുക്കുന്നതിനുമുള്ള അവസരമായി തിരട്ടെ എന്ന് ആശംസിക്കുന്നു,പ്രാർത്ഥിക്കുന്നു. ആഗ്രഹം ഉണ്ടെങ്കിലും പ്രിയപ്പെട്ടവരെയും, ബന്ധുമിത്രാദികളെയും കാണാൻ കഴിയാതെ നൊമ്പരപ്പെടുന്നവരുടെ ഹൃദയവേദന വളരെ വലുതാണ്. അവർക്ക് ദൈവം ധൈര്യവും ആശ്വാസവും, സമാധാനവും നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ യുവജന സംഖ്യത്തിന്റെ നേതൃത്വത്തിൽ “അക്ഷരജ്യോതി 2018” ക്ലാസ്സുകൾ ജൂൺ 29-ന് തന്നെ ആരംഭിച്ചു. നമുക്ക് എല്ലാ കാലത്തും പിറന്ന നാടിനോടും, മാതൃഭാഷയോടും ഒരു വൈകാരിക അടുപ്പം ഉണ്ടായിരിക്കേണ്ടതാണ്. നമ്മുടെ കുഞ്ഞുങ്ങളെ എല്ലാവരെയും മാതൃഭാഷ അഭ്യസിപ്പിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. തുടർപഠനവും അനിവാര്യമായ കാര്യമാണ്. അക്ഷരജ്യോതിയുടെ സമാപനം ആഗസ്റ്റ് 31-ാം തീയതി നടത്തപ്പെടും. അതുപോലെ തന്നെ നമ്മുടെ ഇടവകയുടെ Home Land Fellowship 2018 അഗസ്റ്റ് 15-ാം തീയതി ചെങ്ങന്നൂർ ആറാട്ടുപുഴ തരംഗം റിട്രീറ്റ് സെന്ററിൽ വെച്ച് നടത്തുവാൻ ക്രമീകരണം ചെയ്യുന്നു. നാട്ടിലുള്ള ഏവരും ഈ കൂട്ടായ്മക്ക് പ്രാർത്ഥനാ പൂർവ്വം പോയി സംബന്ധിക്കുമല്ലോ.

ഇടവകയുടെ സാമ്പത്തിക നില ഭദ്രമല്ല. ഏവരും അറിഞ്ഞിരിക്കേണ്ട ചില സുപ്രധാന വസ്തുതകൾ ഓർമ്മിപ്പിക്കട്ടെ. മാസം തോറും വാടകയും, കറന്റ് ചാർജും മാത്രം 1000-BHDൽ അധികം ആവശ്യമുണ്ട്. വികാരിയുടെ ശമ്പളം മറ്റു ചിലവുകൾ വേറെയും. ഇടവക സന്ധാരണത്തിനാവശ്യമായ സംഭാവനകൾ ഇടവകാംഗങ്ങൾ നല്കാതെ സാദ്ധ്യമാകയില്ല. ഒരു വീട്ടിൽ നിന്നും ഒരു മാസം 10- BHD നല്കുന്നു എന്ന് ഉറപ്പുവരുത്തണം . ഈ വിഷയം നമ്മൾ വളരെ ഗൗരവമായി കണ്ട് സഹായിക്കുകയും സഹകരിക്കുകയും ചെയ്യണം. ചെറിയ ഇടവക ആയതിനാൽ നമ്മുടെ സംഭാവനയും, പങ്കാളിത്തവും അനിവാര്യമാണ്. ദൈവം തന്ന അനുഗ്രഹങ്ങൾക്ക് അനുസരിച്ച് നല്കുവാൻ നാം തയ്യാറാകണം. ദൈവം നമ്മെ സമൃദ്ധിയായി അനുഗ്രഹിക്കുവാൻ മതിയായവനാണ്. നാളിതുവരെ പല ഭവനങ്ങളിലും ഒരു പ്രാർത്ഥന പോലും നടന്നിട്ടില്ല എന്നത് ദു:ഖകരമാണ്. വിശ്വാസത്തിൽ വീര്യവും ദൈവരാജ്യപ്രവർത്തനങ്ങളിൽ താല്പര്യവും, ഉണർവ്വും, ജാഗ്രതയും ഉള്ളവരായിരിക്കണം. അതിന് ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു

എന്ന്, നിങ്ങളുടെ ഇടവക വികാരി.



**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com